പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 763 | 10.02.2016 -ൽ മറുപടിക്ക്

## ശ്രീചിത്രാ മെഡിക്കൽ സെന്ററിലെ ചികിത്സാ നിരക്കിലെ വർദ്ധന

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീമതി. കെ. എസ്. സലീഖ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ശ്രീചിത്രാ മെഡിക്കൽ സെന്ററിൽ ചികിത്സാ നിരക്കുകൾ 15 മുതൽ 25 ശതമാനം വരെ വർദ്ധിപ്പിച്ചത് മൂലം സാധാരണ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ചികിത്സാ സഹായം അന്യമാകുന്നതും പരിശോധിച്ചുവോ ; എങ്കിൽ ഇതിൽ നിന്നും രോഗികളെ സംരക്ഷിക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ;<br><br>(ബി) രജിസ്ട്രേഷൻ ഫീസ് കൂട്ടിയതും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബി വൺ വിഭാഗത്തിന് നൽകിയ ഇളവ് ഇല്ലാതായതും, ബി വിഭാഗത്തിന് 60 ഉം, സി വിഭാഗത്തിന് 40 ഉം, ശതമാനമായി തരം തിരിവുണ്ടായത് ഒന്നാക്കി ചുരുക്കിയും ഗുണഭോക്താക്കളായ രോഗികളെ കുറയ്ക്കുന്നതിനുമാത്രം ഉപകരിക്കുന്നതിനാൽ ഇത് ഒഴിവാക്കി മുൻപുള്ള രീതിയിൽ ചികിത്സാ സഹായം ഉറപ്പുവരുത്താൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ; | (എ) & (ബി) | വർദ്ധിച്ചുവരുന്ന ചെലവുകൾ കണക്കിലെടുത്ത് കാലാകാലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ശ്രീ. ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി ചികിത്സാ നിരക്കുകൾ പുനർനിർണ്ണയിക്കുന്നുണ്ട് എന്നും 2016 -ൽ ചികിത്സാ നിരക്കുകൾ 15% വർദ്ധിപ്പിച്ചത് സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കുവാൻ വേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ട് എന്നും നിലവിലുണ്ടായിരുന്ന സബ്സിഡി പഴയതുപോലെ തുടരുന്നതിനാൽ, ഇപ്പോഴത്തെ നിരക്ക് വർദ്ധനവ്, സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്. |

(.....2)

(സി) സ്കാൻ, എക്സ്റേ, ആൻജിയോഗ്രാം, ബൈപാസ് സർജറി, ആൻജിയോപ്ലാസി, മൈട്രൽ വാൽവ് റീപ്ലേസ്മെന്റ് (M.V.R) തുടങ്ങിയ പരിശോധനകൾക്ക് ഉണ്ടാക്കിയ വർദ്ധന എത്ര എന്നും, ഇതിൽ നിന്നും രോഗികളെ സംരക്ഷിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ;

(സി) ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ വർദ്ധിപ്പിച്ച പരിശോധനാ നിരക്ക് അനുബന്ധമായി ചേർക്കുന്നു.

നിരക്ക് വർദ്ധനവ് സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കുവാൻ വേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ട് എന്നും നിലവിലുണ്ടായിരുന്ന സബ്സിഡി പഴയതുപോലെ തുടരുന്നതിനാൽ, ഇപ്പോഴത്തെ നിരക്ക് വർദ്ധനവ്, സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നുമാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്.

(ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ശ്രീ ചിത്രാ മെഡിക്കൽ സെന്റർ, സാധാരണക്കാർക്ക് അന്യമാകാതിരിക്കാൻ സംസ്ഥാന / കേന്ദ്ര സർക്കാരുകളുടെ ഗ്രാന്റ് പ്രസ്തുത സെന്ററിന് ഉറപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന വ്യക്തമാക്കുമോ ?

(ഡി) ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായതിനാൽ കേരള സർക്കാരിന് ഇതിൻമേൽ നിയന്ത്രണമില്ല. കേന്ദ്രസർക്കാരിന്റെ ധനസഹായം വർദ്ധിപ്പിക്കണമെന്ന് കാണിച്ച് ആരോഗ്യവകുപ്പ് മന്ത്രി കേന്ദ്ര സയൻസ് ആന്റ് ടെക്നോളജി മന്ത്രി ഡോ . ഹർഷവർദ്ധന് കത്തെഴുതിയിരുന്നു. പ്രതിവർഷം 100 കോടി രൂപ ഗ്രാന്റ്-ഇൻ-എയ്ഡും, 98.7 കോടി രൂപ മെഡിക്കൽ റിസർച്ചിനും നൽകിവരുന്നുണ്ടെന്നും, ഇതുപോലുള്ള മറ്റ് സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ സ്ഥാപനത്തിനാണ് ഏറ്റവും കൂടുതൽ ധനസഹായം നൽകുന്നതെന്നും, ദൈനംദിന കാര്യങ്ങൾ പേഷ്യന്റ് കെയർ, വിദ്യാർത്ഥികളുടെ ഫീസ് എന്നിവയിൽ നിന്നുമാണ് വഹിക്കുന്നതെന്നും, നിലവിൽ നൽകിവരുന്ന ധനസഹായ തുക വർദ്ധിപ്പിക്കാൻ പ്രയാസമുണ്ട് എന്നുള്ള മറുപടിയാണ് കേന്ദ്ര മന്ത്രിയിൽ നിന്നും ലഭിച്ചത്.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

✓

സെക്ഷൻ ഓഫീസർ

✓

സെക്ഷൻ ഓഫീസർ